(ഡി) സംസ്ഥാനത്ത് അനുവദിച്ചതിൽ ഏതെങ്കിലും തിയേറ്ററിന്റെ പണി ആരംഭിച്ചിട്ടുണ്ടോ ; റാന്നി നിയോജകമണ്ഡലത്തിൽ എവിടെയെങ്കിലും ഇത്തരത്തിൽ തിയേറ്റർ ആരംഭിക്കാൻ നീക്കമുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) തിയേറ്റർ സമുച്ചയം പണിയുന്നതിന് ഏകദേശം 75 സെന്റിൽ കുറയാത്ത സ്ഥലം ആവശ്യമാണ്.

(സി) തിയേറ്ററുകളുടെ ഉടമസ്ഥത കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനാണ്.

(ഡി) ഇല്ല. റാന്നി നിയോജകമണ്ഡലത്തിൽപ്പെടുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഒന്നുംതന്നെ ഇതിനായി മുന്നോട്ട് വന്നിട്ടില്ല.

കെ.എസ്.ആർ.ടി.സി.

297 (3119) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹിക പ്രതിബദ്ധത നിലനിർത്തിക്കൊണ്ട് സ്വന്തംനിലയ്ക്ക് വരുമാനം വർദ്ധിപ്പിക്കുവാൻ കെ.എസ്.ആർ.ടി.സി. എന്തൊക്കെ നടപടികൾ സ്വീകരിക്കുന്നുവെന്ന് വിശദമാക്കുമോ ;

(ബി) അന്യസംസ്ഥാനങ്ങളിലെ ചില ട്രാൻസ്പോർട്ട് കോർപ്പറേഷനുകൾ സ്വകാര്യവത്കരിക്കുകയോ പൂട്ടുകയോ ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യെ സാമ്പത്തിക പ്രതിസന്ധിയിൽനിന്നും കരകയറ്റി ലാഭത്തിലേക്ക് നയിക്കുന്നതിനായി ഒരു പുനരുദ്ധാരണ പാക്കേജിന് രൂപം നൽകി ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പാക്കേജ് പ്രകാരം കോർപ്പറേഷന്റെ വരുമാനം കുറഞ്ഞ 1500 സർവ്വീസുകൾ പുനഃക്രമീകരിച്ച് ലാഭകരമായ സർവ്വീസുകളാക്കി മാറ്റിയിട്ടുണ്ട്. സമയബന്ധിതമായി പുതിയ ബസ്സുകൾ നിരത്തിലിറക്കി

LIBRARY ARCHIVES Kerala Legislative Assembly

പ്രതിദിനം 50 ലക്ഷം രൂപമുതൽ 60 ലക്ഷം രൂപവരെ വരുമാനം വർദ്ധിപ്പിക്കും. കൂടുതൽ ചെയിൻ സർവ്വീസുകൾ ആരംഭിച്ച് വരുമാനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ വിവിധ റൂട്ടുകളിൽ കെ.എസ്.ആർ.ടി.സി. സമീപകാലത്ത് ചെയിൻ സർവ്വീസുകൾ ആരംഭിച്ചുകഴിഞ്ഞു. കെ.എസ്.ആർ.ടി.സി.-യിൽ ഓൺലൈൻ റിസർവേഷൻ സമ്പ്രദായം കുറ്റമറ്റരീതിയിൽ പരിഷ്കരിച്ചത് മുഖേന റിസർവേഷൻ ഇനത്തിലുള്ള വരുമാനം ഗണ്യമായി വർദ്ധിപ്പിക്കാൻ സാധിച്ചു. ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി കൊറിയർ, പാഴ്സൽ സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

കെ.എസ്.ആർ.ടി.സി.-യെ സംരക്ഷിക്കുന്നതിന് നടപടി

298 (3120) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി-യെ സംരക്ഷിക്കുന്നതിന് ഈ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(ബി) പൊതുജനത്തിന് പ്രയോജനകരമായ രീതിയിൽ കെ.എസ്. ആർ.ടി.സി.-യെ സംരക്ഷിക്കുന്നതിന് ഒരു സമഗ്ര പഠനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യുടെ വരവ് ചെലവ് അന്തരം കുറച്ച് പുനരുദ്ധരിച്ച് ലാഭത്തിലേക്ക് നയിക്കുന്നതിനായി ഒരു പുനരുദ്ധാരണ പാക്കേജ് തയ്യാറാക്കുകയും പ്രസ്തുത പാക്കേജിലെ നിർദ്ദേശങ്ങൾ പ്രകാരം നടപടി സ്വീകരിച്ചുവരികയുമാണ്. KTDFC-യിൽ നിന്നുമെടുത്ത വായ്പാതിരിച്ചടവിലേക്ക് കോർപ്പറേഷൻ പ്രതിമാസം 50 കോടിയിൽപ്പരം രൂപയാണ് വിനിയോഗിച്ച് വരുന്നത്. KTDFC-യിൽ നിന്നുള്ള വായ്പാളുക പൂർണ്ണമായും മറ്റ് ദേശസാൽകൃത ബാങ്കുകൾ ഏറ്റെടുക്കുന്നതിലേക്കായി ബാങ്കുകളുടെ ഒരു കൺസോർഷ്യം രൂപീകരിക്കുന്നതിനായി SBI CAPITAL Market Ltd. എന്ന സ്ഥാപനത്തെ ഉപദേശക സ്ഥാപനമായി കെ.എസ്.ആർ.ടി.സി. നിയോഗിക്കുകയും ടി സ്ഥാപനം കെ.എസ്.ആർ.ടി.സി.-യെ സംബന്ധിച്ച് ഫിനാൻഷ്യൽ ഇൻഫർമേഷൻ മെമ്മോറാണ്ടം തയ്യാറാക്കി ബന്ധപ്പെട്ട ബാങ്കുകൾക്ക്, ടി വായ്പ ഏറ്റെടുക്കുന്നതിലേക്ക് നൽകിക്കഴിഞ്ഞു. വായ്പ

LIBRARY ARCHIVES Kerala Legislative Assembly